

# CHURCH VOICE

## C.S.I. MATEER MEMORIAL CHURCH

Vol. 15 No. 10 Newsletter October 2017



The glory of young men is their strength, And the honor of old men is their gray hair. (Proverbs 20:29)

# വാർത്തകൾ



MMS ഗവ. ആർട്ട്സ് & സയൻസ് കോളേജിൽ പ്രിൻസിപ്പൽ ആയി നിയമിതയായ
**ഡോ. ചാന്ദ്നി സാം എസ്.പി.**
(നളന്ദ)





സാധു സഹായ നിധിയിൽ നിന്ന് നമ്മുടെ സഭയിലെ ദിവസ വേതന ജീവനക്കാരനായ ശ്രീ. ജോർജിന് നിർമ്മിച്ച് നല്കിയ ഭവനത്തിന്റെ പ്രതിഷ്ഠ 12-09-2017-ന് റവ. വൈ. വിജയദാസ് അച്ചൻ നിർവ്വഹിച്ചു

## GOAL 2017 (Teenage Camp)



## CEYF Independence Day Flag Hoisting







## YFF Family Fest 2017

വൈ.എഫ്.എഫ്. ഫാമിലി ഫെസ്റ്റ് 2017-ൽ ജോസഫ് പുത്തൻ പുരയ്ക്കൽ അച്ചൻ അഭിസംബോധന ചെയ്യുന്നു.

# CHURCH VOICE

15th year of publication

OCTOBER 2017



**CHIEF EDITOR**
Rev. D. Jacob

**EDITOR**
Rev. Rohan P.

**SUB EDITOR**
Mr. Premakumar P. R.

**EDITORIAL BOARD**
Rev. Y. Vijayadas
Rev. N.L. Praveen Raj
Prof. Oliver A. Maison
Er. Lal C.L.
Er. Priya Joy
Mr. Suresh Devarajan
Mr. Binil Winfred
Mrs. Nithya Robinson
Mr. Livingstone Nesaraj D.



**ADDRESS**
The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to
churchvoice@gmail.com
before 15th of every month



Cover Page Designed by
Mr. Arad V. M.

Church Voice can be read online at our website
www.mateermemorialchurch.com

**PRINTED AT**
GRACE PRINTERS
Muttada Ph: 2540523


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (Third Sunday) | 06.15 p.m |
| Monday | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (4 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Bible Class | 04.30 p.m |
| | Circle Prayer (4 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (eve of first Sunday) | 07.00 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

### Members of the Ad hoc Committee

| Name | Phone No. | Mobile |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | 2316544 | 9496369672 |
| Rev. N. L. Praveen Raj (Presbyter) | 2316644 | 8547113982 |
| Rev. Rohan P. (Presbyter) | | 9895369500 |
| Prof. Oliver A. Maison (Secretary) | | 9495352829 |
| Er. Lal C.L. (Accountant) | 2336491 | 9447101223 |
| Er. N. Benson | | 9497002145 |
| Adv. Biju Immanuel | | 9895889000 |
| Mr. Binil Winfred | | 9496588473 |
| Mr. Edward John J. | | 9495666455 |
| Smt. Girly Ansalam | | 9446846457 |
| Mr. Hudson K. | | 9446589715 |
| Er. Jose H. Jones | | 9447698652 |
| Dr. Justin Jose | | 9446466368 |
| Er. Priya Joy | | 9645314473 |
| Adv. A. Sagunaraj | 2310016 | 9447657850 |
| Mr. Shajimon K. L. | | 9447239149 |
| Mr. Suresh Devarajan | | 9747311779 |
| **Church Office** | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

## From the Editor



Greetings in the name of Jesus !

Wishing all readers, a blessed October.

In this digitalized world, it is a boon to have something in print to go through. "The whole world opened to me, when I learned to read" says Mary Mcleod Bethune. Here let me emphasize, how we benefit from the habit of reading and I encourage everyone to read, think and to respond to the thoughts and ideas which are being shared through the platform of "Church Voice", which stands as a face of the Mateer Memorial Church in various ways. As a worshipping community, we go through a situation in which our faith and our testimony are being tested in vivid ways. Be true to what we are. Technology has taken a heavy leap and most of the times; we fail to remember the journey of faith and prayer through which we have reached thus far. Prophet Micah reminds us, to fear the name of God is the true wisdom.The extensive and unwisely use of media causes the decline of familial bonds and even to approach faith and to question God in a pure rational way. Today when media decides how and what we should think, and the gadgets decide our societal status and commitments, let our voices be loud to uphold the values which means much. It is high time, that we have to redefine our ethical suppositions and to evolve a counter approach, which should be Christ-centered. I encourage the budding generation to lead a God fearing and a prayerful life, through which we can be the change makers which no one can ever imagine.The common folk is still confused regarding the tax reforms of our land and let us hope and pray, we reach a safe shore. The release of Fr. Tom Uzhunnalil, a catholic priest, who was kidnapped in Yemen by the terror forces, reassures our faith, prayers never go in vain. Let me conclude, be an inspiration to many, be a source of goodness, be flag bearers of pure faith. God's blessings !

*"But they that wait upon the Lord shall renew their strength; they shall mount up with wings as eagles; they shall run, and not be weary; and they shall walk, and not faint" (Isa.40:31)*

**Rev. Rohan P.**

**From the Presbyter's desk**



# ദൈവം സ്നേഹം തന്നെ

യോഹന്നാന്റെ സുവിശേഷത്തിൽ യേശു പത്രൊസിനോട് ചോദിക്കുന്നുണ്ട്, "യോഹന്നാന്റെ മകനായ ശീമോനെ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?" യോഹന്നാന്റെ എഴുത്തുകളിൽ സ്നേഹത്തിന് അമിതമായ പ്രാധാന്യം നൽകിയിട്ടുണ്ട്. കൂടാതെ 'സ്നേഹം' യവനഭാഷയിൽ സ്നേഹത്തിന് വ്യത്യസ്ഥ പദങ്ങളുള്ളതിൽ യോഹന്നാൻ 'ഫിലെയിൻ' എന്ന പദത്തെക്കാൾ 'അഗച്ചാൻ' എന്ന ക്രിയാപദം ഉപയോഗിക്കുന്നു (71 പ്രാവശ്യം). ശക്തവും അഭേദ്യവുമായ കൂട്ടുകാർ തമ്മിലുള്ള സ്നേഹമാണ് ഫിലെയിൻ അർത്ഥമാക്കുന്നത്. നിഷ്കളങ്കവും, നിർവ്യാജവും യുക്തിസഹവും ആദരവും ജനിപ്പിക്കുന്നതുമായ സ്നേഹമാണ് അഗച്ചാൻ. ദൈവം മനുഷ്യനെ സ്നേഹിച്ച സ്നേഹം. പ്രകടിപ്പിക്കുന്നതുവരെ ഉള്ളിൽ ഞരങ്ങുന്ന സ്നേഹം. ഏകജാതനെ നൽകി ലോകത്തെ സ്നേഹിച്ച ദൈവം (യോഹ. 3:16). അങ്ങനെ അഗച്ചാൻ എന്നാൽ 'The unique love made possible through Jesus - a spontaneous, unmerited, creative love, opening the way to fellowship with God and flowing from God to the Christian and from the christian to his neighbour (R.E. Brown)' ഈ സ്നേഹത്തിന്റെ മറ്റൊരു സവിശേഷത 'Out going, effect producing gift-giving love' എന്നതാണ്. മനുഷ്യർക്കുവേണ്ടി യേശു മരിക്കുകയും ഉയിർക്കുകയും ചെയ്യുന്നതാണ് സ്നേഹത്തിന്റെ പാരമ്യത. അവസാനത്തോളം അവർ അവരെ സ്നേഹിച്ചു (യോഹ. 13:1). മനുഷ്യരോട് ദൈവസ്നേഹ ബന്ധം വെളിവാക്കുന്നത് 'ദൈവം സ്നേഹം തന്നെ' എന്ന പ്രസ്താവനയാണ്. അതിനാൽ കർത്താവിനെ സ്നേഹിച്ച ശിഷ്യനെപ്പോലെ ക്രിസ്തുവിനെ സ്നേഹിക്കുന്ന ശിഷ്യരാകണം.

മദർ തെരേസയുടെ ജീവിതത്തിൽ നിന്ന്, കൽക്കട്ടയിലെ കാളിഘട്ടിലുള്ള ഹോം ഫോർ ദ ഡൈയിംഗ് എന്ന ഭവനത്തിൽ ഒരു മനുഷ്യൻ രോഗികൾ കിടന്നിരുന്ന വാർഡിലേക്ക് കയറിചെന്നു. അല്പസമയം കഴിഞ്ഞ് മദറിനെ സമീപിച്ച് പറഞ്ഞു "ഹൃദയത്തിൽ വെറുപ്പും വൈരാഗ്യവുമായി ഞാനിവിടെ വന്നു. ദൈവത്തോടും മനുഷ്യരോടും എനിക്ക് വെറുപ്പായിരുന്നു. വിശ്വാസമില്ലാത്തവനായി, ശൂന്യനായി ഞാനിവിടെ വന്നു. എന്നാൽ സഹോദരി

മാർ നിറഞ്ഞ ഹൃദയത്തോടെ രോഗികളെ ശുശ്രൂഷിക്കുന്നതു കണ്ടപ്പോൾ ദൈവം ജീവിച്ചിരിക്കുന്നു എന്നു എനിക്കു മനസ്സിലായി. മറ്റൊരു വ്യക്തി യായി ഞാൻ തിരിച്ചു പോകുന്നു". മദർ പറഞ്ഞു "നിങ്ങളിലൂടെയും എന്നി ലൂടെയും ദൈവം ഇന്ന് ലോകത്തെ സ്നേഹിക്കുന്നു".

1977 ജൂൺ 10-ന് എഡിൻബറോയിലെ പ്രഭകുമാരൻ കാം ബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ വെച്ച് മദർ തെരേസയ്ക്ക് ഓണററി ഡോക്ടറേറ്റ് നൽകി. മറുപടി പ്രസംഗത്തിൽ വിനയത്തോടെ മദർ തെരീസ പറഞ്ഞു, "ക്രിസ്തുമാർഗ്ഗം കൊടുക്കലിന്റേതാണ്. നൽകുന്നത് വേദനാജനകമാ ണ്. തിരുവത്താഴത്തിൽ പുത്രൻ സ്വയം പങ്കിട്ടു നൽകുന്നു. സ്വന്ത പുത്രനെ ആദരിക്കാതെ പിതാവ് പുത്രനെ മരണത്തിന് വിട്ടുകൊടുത്തു. നാം നമ്മെത്തന്നെ മറ്റുള്ളവർക്കായി നൽകുമ്പോഴാണ് ദൈവത്തിന്റെ അംബാസഡർമാരാകുന്നത്. സഹനത്തിന്റെ അടിത്തട്ടുവരെ സ്നേഹി ക്കുമ്പോൾ മാത്രമാണ് സ്നേഹം സ്നേഹമാകുന്നത്. അതാണ് നാം ക്രൂശിൽ കാണുന്നത്". ഈ സ്നേഹം സ്വായത്തമാക്കാനും പങ്കിടാനും നാം വിളിക്കപ്പെട്ടിരിക്കുന്നു. സ്നേഹത്തിന് ത്യാഗമുണ്ട്; വേദനയുണ്ട്. ഗോതമ്പുമണി നിലത്തുവീണ് ചത്താൽ വളരെ വിളവുണ്ടാകും. സ്നേഹ ത്തിന്റെ ഫലം പുറപ്പെടുവിക്കാൻ ദൈവം സഹായിക്കട്ടെ.

സ്നേഹാദരങ്ങളോടെ,

**ജേക്കബച്ചൻ**

ഒക്ടോബർ 1 **അൽമായരുടെ ഞായർ**

## ദൈവജനത്തിന്റെ സാക്ഷ്യം

| | | |
|---|---|---|
| പഴയ നിയമം | : | ദാനി. 3: 12-30 |
| സങ്കീർത്തനം | : | 15 |
| ലേഖനം | : | അ.പ്ര. 18:24-28 |
| സുവിശേഷം | : | യോഹ. 2:1-11 |

ഒക്ടോബർ 8 മാനസീക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും സാന്ത്വന ശുശ്രൂഷ സ്വീകരിക്കുന്നവർക്കും വേണ്ടിയുള്ള ഞായർ

## വിഭിന്നമായ കഴിവുകളുള്ളവർ: ജീവിതത്തിന്റെ പവിത്രത

| | | |
|---|---|---|
| പഴയ നിയമം | : | പുറ. 4:10-17 |
| സങ്കീർത്തനം | : | 37 |
| ലേഖനം | : | 2 കൊരി. 12:1-10 |
| സുവിശേഷം | : | യോഹ. 5:1-9 |

ഒക്ടോബർ 15 യുവജനങ്ങളുടെ ഞായർ

## സമകാലീന ലോകത്തിൽ യുവജനങ്ങളുടെ ആദ്ധ്യാത്മികത

| | | |
|---|---|---|
| പഴയ നിയമം | : | ഉല്പത്തി 41:37-43 |
| സങ്കീർത്തനം | : | 111 |
| ലേഖനം | : | ഫിലി. 3:1-16 |
| സുവിശേഷം | : | മത്തായി 19:16-22 |

ഒക്ടോബർ 22

## ദൈവരാജ്യത്തിനായി നഷ്ടസാധ്യത ഏറ്റെടുക്കുക

| | | |
|---|---|---|
| പഴയ നിയമം | : | എസ്ഥേർ 8:1-17 |
| സങ്കീർത്തനം | : | 12 |
| ലേഖനം | : | ഫിലി. 2:25-30 |
| സുവിശേഷം | : | മത്തായി 10:37-42 |

ഒക്ടോബർ 29 - നവീകരണ ഞായർ

## വിശ്വാസം കണ്ടെത്തി പുനഃർജ്ജീവിപ്പിക്കുക

| | | |
|---|---|---|
| പഴയ നിയമം | : | 2 ദിന. 34:8-21 |
| സങ്കീർത്തനം | : | 46 |
| ലേഖനം | : | വെളി. 2:1-7 |
| സുവിശേഷം | : | യോഹ. 2:12-22 |

നവംബർ 5 - അഖിലലോക സണ്ടേസ്കൂൾ ദിനം

## വിശ്വാസത്തിലുള്ള അഭ്യസനം

| | | |
|---|---|---|
| പഴയ നിയമം | : | സദൃശ. 23:15-26 |
| സങ്കീർത്തനം | : | 127 |
| ലേഖനം | : | എഫെ. 6:10-18 |
| സുവിശേഷം | : | മത്തായി 18:1-6 |

സി.എസ്.ഐ. കുളംവെട്ടിവിള, സി.എസ്.ഐ പൂഴിക്കുന്ന് സഭകൾ നമ്മുടെ സഭയിൽ നിന്നും പള്ളിപണിക്കായി സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. സഹായിക്കാൻ താല്പര്യമുള്ളവർ ചർച്ച് ഓഫീസുമായി ബന്ധപ്പെടുവാൻ അഭ്യർത്ഥിക്കുന്നു.

**അഡോ. കമ്മിറ്റി**

## സെക്രട്ടറിയുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഒരു മാസത്തിന്റെ നന്മകൾ അനുഭവിച്ച് പ്രതീക്ഷയോടെ പുതിയ മാസത്തിലേക്ക് പ്രവേശിക്കാം. അതിന് ദൈവം കൃപ ചെയ്യട്ടെ.

സവിശേഷമായ ദിനങ്ങളാൽ സംപുഷ്ടമായ ഒരു മാസമാണ് കടന്നുപോയത്. അദ്ധ്യാപക ശ്രേഷ്ഠനായ ഭാരതത്തിന്റെ മുൻ രാഷ്ട്രപതി ഡോ. എസ്. രാധാകൃഷ്ണന്റെ ജന്മദിനത്തെ സ്മരിച്ചുകൊണ്ടാണ് അദ്ധ്യാപക ദിനം ആചരിക്കുന്നത്. വിദ്യാഭ്യാസപ്രവർത്തനത്തിനായി ജീവിതം ഉഴിഞ്ഞുവച്ച തത്വചിന്തകനായ അദ്ദേഹം തന്റെ രചനകളിലൂടെ ഭാരതത്തിന്റെ തത്വശാസ്ത്ര ശ്രേഷ്ഠത ലോകത്തിനു വിളംബരം ചെയ്തു. അദ്ദേഹത്തെ നാം സ്മരിക്കുമ്പോൾ വിശ്വം കണ്ട ശ്രേഷ്ഠ ഗുരുവായ യേശുവിനെ നാം ഓർത്തുപോകും. എല്ലാ അദ്ധ്യാപന രീതികളും (Methods) അവലംബിച്ച് ജനത്തെ പഠിപ്പിച്ച യേശുവാണ് ലോകം കണ്ട ഏറ്റവും ശ്രേഷ്ഠനായ ഗുരു. നമ്മളും ആ ദിനം ഓർത്തു.

പ്രപഞ്ച സന്തുലിതാവസ്ഥയിൽ വന്ന ദോഷകരമായ വ്യതിയാനവും ആവാസ വ്യവസ്ഥിതിയിൽ ഉണ്ടാക്കിയ പ്രതിസന്ധിയും പ്രകൃതിയിലേക്കു തിരിഞ്ഞുനോക്കുവാൻ മനുഷ്യരെ പ്രേരിപ്പിച്ചു. അതിലൂടെ ഞെട്ടിപ്പിക്കുന്ന ചില യാഥാർത്ഥ്യങ്ങൾ നാം തിരിച്ചറിഞ്ഞു. ജീവനു ഭീഷണിയായ അൾട്രാ വയലറ്റ് രശ്മിയെ അരിച്ച് സൂര്യപ്രകാശത്തെ ഗുണകരമാക്കി നൽകുന്നതിന് പ്രപഞ്ചത്തിൽ ദൈവം ഒരുക്കിയ ഓസോൺ പാളിയിൽ വന്ന വിള്ളലാണ് അതിലൊന്ന്. ഇന്ധനങ്ങളുടെയും മറ്റും അമിത ഉപയോഗത്താൽ ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണമാണ് ഈ വിള്ളലിനു പ്രധാന കാരണം. ഈ അപകടത്തെ കുറിച്ച് ഉണർത്തുന്നതിനും, പരിഹാരം കണ്ടെത്തുന്നതിനും, നമ്മെ പ്രേരിപ്പിക്കുന്നതിനാണ് ഓസോൺ ദിനം ആചരിക്കുന്നത്.

ദൈവം മനുഷ്യനു നൽകിയ അമൂല്യമായ ദാനമാണ് കുടുംബം. തിരുവചനം വരച്ചുകാട്ടുന്ന കുടുംബ ജീവിതമാണോ നാം ഇന്നു തുടരുന്നത് എന്ന് വിശകലനം ചെയ്യാനും, വചനാധിഷ്ഠിതമായി അതിനെ ക്രമീകരിക്കാനും ഉദ്ദേശിച്ചു കൊണ്ട് ആചരിക്കുന്നതാണ് കുടുംബവാരം. വിവിധപരിപാടികളോടെ നമ്മളും ആചരിച്ചു.

പതാക ഉയർത്തലിലൂടെ മുതിർന്ന പൗരന്മാരുടെ കൂട്ടായ്മ വാരത്തിനു തുടക്കമായി. ഭവന സന്ദർശനം, വൃദ്ധസദന സന്ദർശനം, സെമി

നാർ മുതലായ പരിപാടികൾ നടത്തപ്പെട്ടു. 100-ാം വയസ്സിൽ അബ്രഹാം പിതാവിൽ നിന്നും വാഗ്ദത്ത ഫലം പുറപ്പെട്ടതും, വാർദ്ധക്യത്തിൽ പുഷ്ഠിവച്ചും, പച്ചപിടിച്ചും, ഫലം കായ്ക്കുന്നതുമായ അനുഭവവും (സങ്കീ. 92), നല്ല ഫലം കായ്ക്കുന്ന നല്ല വൃക്ഷത്തെക്കുറിച്ചും (മത്തായി 7), വാർദ്ധക്യം സമാധാനവും സന്തോഷകരവുമാക്കാൻ അനുവർത്തിക്കേണ്ടുന്ന ശൈലിയെക്കുറിച്ച് അപ്പോസ്തലനായ പൗലോസിന്റെ മാതൃകയുമാണ് നാം ചിന്തിക്കേണ്ടത് (ഫിലേമോൻ 8:22). ഫലം പുറപ്പെടുവിക്കുന്നതിന് വാർദ്ധക്യം തടസ്സമല്ല. അതിനു വിശുദ്ധനായ പൗലോസ് അനുവർത്തിച്ച ശൈലി ജീവിതക്രമം ആക്കണമെന്നതുമാണ് ഇതിൽ നിന്നും നാം മനസ്സിലാക്കുന്നത്. **കല്പിക്കാൻ സാദ്ധ്യതയുള്ളിടത്ത് അപേക്ഷിച്ചും നിർബന്ധപൂർവ്വം നന്മ അനുഭവിക്കാൻ അവസരമുള്ളിടത്ത് മനസമ്മതത്തോടും, സ്വയ ത്യാഗത്തിലൂടെയും പ്രശ്നം പരിഹരിച്ചും**, വാർദ്ധക്യജീവിതം സന്തുഷ്ടമാക്കാമെന്ന് അപ്പോസ്തലൻ കാട്ടിത്തരുന്നു. വളരെ അനുകരണീയമായ ജീവിതശൈലി.

വിവിധമായ ദിനാചരണങ്ങളിലൂടെ നമുക്കു ലഭിച്ച നല്ല ദർശനങ്ങളെ ജീവിതത്തിൽ പ്രായോഗികമാക്കി നമ്മുടെ വ്യക്തി, കുടുംബ, സഭാ, സാമൂഹിക ജീവിതങ്ങളെ സന്തുഷ്ടവും സംതൃപ്തിയുമുള്ളതാക്കി മാറ്റാൻ നമുക്കു ശ്രമിക്കാം. പുതിയ മാസവും ദൈവകൃപയുടെ നല്ല അനുഭവങ്ങളാൽ സമ്പന്നമായിത്തീരാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ.

സസ്നേഹം

**പ്രൊഫ. ഒളിവർ എ. മെയിസൻ**

സെക്രട്ടറി.

## ചിന്തിക്കാം

**ദൈവം നമുക്ക് ഒരു മൊബൈൽ ഫോൺ തന്നിരിക്കുന്നു. ശരീരമാകുന്ന മൊബൈൽ ഫോൺ. അതിലെ സിംകാർഡ് മനസ്സ്. സിം കാർഡ് ചാർജ്ജ് ചെയ്യാനായി ദൈവചിന്തകൾ വഴി ദൈവത്തിൽ പ്ലഗ് ചെയ്യാം. അപ്പോൾ ദൈവശബ്ദം ശ്രവിക്കാൻ കഴിയും. സദാസമയവും മനസ്സിൽ ദൈവത്തിന്റെ റിംഗ് ടോൺ ശ്രദ്ധിക്കാം. എന്നാൽ ഇപ്പോൾ എനിക്കു ദൈവത്തിന്റെ റിംഗ് ടോൺ കിട്ടുന്നില്ല. കാരണം ദൈവം വിളിക്കുമ്പോൾ ദൈവത്തിനു കിട്ടുന്ന മറുപടി "ഇപ്പോൾ പരിധിക്കുപുറത്താണ്".**

**പ്രൊഫ. ഒളിവർ എ. മെയിസൻ**

# തുറക്കപ്പെട്ട വാതിൽ
## (The Opened Door)

**റ്റി. ജയകുമാർ ആൽഫ്രഡ്**



"ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ഇതാ, ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നുവെച്ചിരിക്കുന്നു. അത് ആർക്കും അടച്ചുകൂടാ" (വെളി. 3:8).

കർത്താവായ യേശുക്രിസ്തു യോഹന്നാന് തന്റെ ദൂതന്മാരിൽകൂടെ വെളിപ്പെടുത്തുന്ന പ്രവചന സത്യങ്ങളാണ് വെളിപ്പാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യോഹന്നാൻ ആസ്യയിലെ ഏഴ് സഭകൾക്കും ദൂതന്മാർ മുഖേന ഈ വെളിപ്പെടുത്തലുകൾ അറിയിക്കുന്നതായിട്ടാണ്. മൂന്നാം അദ്ധ്യായത്തിൽ ഫിലദെൽഫ്യാ സഭയുടെ ദൂതന് എഴുതുമ്പോൾ പറയുന്ന ഒരു പ്രധാന സത്യമാണ് എട്ടാം വാക്യത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. "ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ഇതാ ഞാൻ നിന്റെ മുന്നിൽ ഒരു വാതിൽ തുറന്നുവെച്ചിരിക്കുന്നു. അത് ആർക്കും അടച്ച് കൂടാ".

തുറക്കപ്പെട്ട വാതിൽ അകത്ത് കടക്കുവാനുള്ള ഒരു സൂചനയാണ് നൽകുന്നത്. വാതിൽ അടച്ചിരുന്നാൽ അകത്ത് കടക്കുക എന്നുള്ളത് പ്രയാസമാണ്. ദൈവം ഇന്ന് നമ്മുടെ മുന്നിൽ പല വിധത്തിലുള്ള വാതിലുകൾ തുറന്ന് വച്ചിരിക്കുകയാണ്. നമ്മുടെ മുമ്പിൽ തുറക്കപ്പെട്ടിരിക്കുന്ന വാതിലുകൾ ദൈവത്തിനല്ലാതെ വേറെയാർക്കും അടയ്ക്കുവാൻ സാദ്ധ്യമല്ല എന്നാണ് വേദവചനം രേഖപ്പെടുത്തിയിരിക്കുന്നത്. അത് പോലെ തന്നെ ദൈവം അടയ്ക്കുന്ന വാതിൽ മനുഷ്യരാൽ തുറക്കുവാനും സാദ്ധ്യമല്ല എന്നുള്ള സത്യവും നാം അറിഞ്ഞിരിക്കണം.

ദൈവം നമ്മുടെ മുമ്പിൽ തുറന്നുവെച്ചിരിക്കുന്ന മൂന്ന് പ്രധാന വാതിലുകളെ പറ്റി നമുക്ക് അല്പമായി ചിന്തിക്കാം.

### 1. സന്ദർഭത്തിന്റെ വാതിൽ (Door of Opportunities)

ദൈവം പലപ്പോഴും നമ്മുടെ മുമ്പിൽ നല്ല നല്ല സന്ദർഭങ്ങളുടെ വാതിൽ തുറന്ന് തരുന്നു. അതുകൊണ്ട് നമുക്ക് ലഭിക്കുന്ന സന്ദർഭങ്ങളെ തക്കത്തിൽ വിനിയോഗിച്ചാൽ ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ മുന്നേറുവാൻ സാധിക്കും. വിദ്യാഭ്യാസത്തിലേർപ്പെട്ടിരിക്കുന്ന കുട്ടി

കളെ സംബന്ധിച്ചിടത്തോളം ഇത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. എന്നാൽ പലകുട്ടികളും ഈ വാതിൽ കാണുന്നില്ല എന്നുള്ളതാണ് സത്യം. നമുക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ സംഭവിക്കുമ്പോൾ നാം ചിലപ്പോൾ പറയും oh! it is my fate ഓ! അത് എന്റെ വിധിയാണ്. പ്രിയ ദൈവമക്കളെ, നമ്മുടെ അനുദിന ജീവിതത്തിൽ വിധി എന്നുള്ള ഒരു കാര്യമില്ല. അത് നാം തന്നെ വരുത്തിവെയ്ക്കുന്ന ഒന്നാണ്. ദൈവം നല്ലത് ഭവിക്കുവാൻ സന്ദർഭങ്ങളുണ്ടാക്കുന്ന വാതിലുകളെയാണ് നമുക്ക് തന്നിരിക്കുന്നത്. അത് ബുദ്ധിയോടും വിവേകത്തോടും കൂടെ വിനിയോഗിക്കുവാൻ നമുക്ക് കഴിയണം. നമുക്ക് ലഭിക്കുന്ന സന്ദർഭങ്ങളെ മാറ്റിവച്ച് ഒടുവിൽ ചെയ്യാമെന്ന് ചിന്തിക്കരുത്.

ഇംഗ്ലണ്ടിൽ ഫെഡറിക്ക് എന്ന ഒരു ബാലൻ ഉണ്ടായിരുന്നു. മാതാപിതാക്കൾ ഏത് കാര്യം ചെയ്യാൻ പറഞ്ഞാലും ഈ ബാലൻ അവരോട് പറയും പത്ത് മിനിട്ട് കഴിഞ്ഞ് ഞാൻ ചെയ്യാം. സ്കൂളിൽ അദ്ധ്യാപകൻ ചോദ്യം ചോദിച്ചാൽ ഞാൻ പത്ത് മിനിട്ട് കഴിഞ്ഞ് പറയാം എന്നുള്ള ഉത്തരമാണ് കിട്ടുന്നത്. സഹപാഠികൾ കളിക്കാൻ വിളിച്ചാൽ പത്ത് മിനിട്ട് കഴിഞ്ഞ് വരാം എന്നാണ് ഫെഡറിക്ക് പറയുന്നത്. അവസാനം സ്കൂളിലെ കുട്ടികൾ എല്ലാം ചേർന്ന് അവന് ഒരു പേരിട്ടു 'മിസ്റ്റർ പത്ത് മിനിട്ട്'. ഫെഡറിക്ക് തന്റെ വിദ്യാഭ്യാസമെല്ലാം പൂർത്തിയാക്കി സൈന്യത്തിൽ ഒരു ഉന്നത ഉദ്യോഗസ്ഥനായി തീർന്നു. അയൽ രാജ്യവുമായി ഒരു യുദ്ധം വന്നപ്പോൾ ഫെഡറിക്കിന്റെ നേതൃത്വത്തിൽ ശത്രു സൈന്യത്തെ വിരട്ടിയോടിച്ച് വിജയശ്രീലാളിതനായി തിരിച്ച് വരുമ്പോൾ പെട്ടെന്ന് ഫെഡറിക്കിന് പഴയസ്വഭാവത്തിന്റെ ചിന്ത വന്നു. അല്പം വിശ്രമിച്ചിട്ട് പത്ത് മിനിട്ട് കഴിഞ്ഞ് പോകാമെന്നു തീരുമാനിച്ച് കുതിരപ്പുറത്ത് നിന്ന് താഴെ ഇറങ്ങിയ ശേഷം തന്റെ കൂടെ ഉണ്ടായിരുന്ന പട്ടാളക്കാരോട് അല്പം ഇവിടെ വിശ്രമിച്ചിട്ട് ഞാൻ വന്നോളാം നിങ്ങൾ പൊയ്ക്കൊൾക എന്ന് പറഞ്ഞു. പട്ടാളക്കാർ അത് ചെയ്യുന്നത് ആപത്താണെന്ന് പറഞ്ഞത് വകവയ്ക്കാതെ ഫെഡറിക്ക് കുതിരപ്പുറത്ത് നിന്ന് ഇറങ്ങി പുൽത്തകിടിയിൽ ഒറ്റയ്ക്ക് കിടന്ന് വിശ്രമിച്ചു. ഒട്ടും താമസിക്കാതെ ശത്രുസൈന്യം പിൻതുടർന്ന് വിശ്രമിക്കുകയായിരുന്ന ഫെഡറിക്കിനെ ദാരുണമായി കൊലപ്പെടുത്തുകയുണ്ടായി. നോക്കുക കുട്ടിക്കാലത്ത് ഉണ്ടായിരുന്ന ദുശ്ശീലം തന്റെ ഔദ്യോഗിക ജീവിതത്തിലും കാണിച്ചതിന്റെ ഫലം ആപത്തിൽ കലാശിച്ചു. ഈ കഥ കുട്ടികൾക്കുള്ള ഒരു പാഠമാണ്. കുഞ്ഞുങ്ങൾ അവരുടെ ജീവിതത്തിൽ ലഭിക്കുന്ന നല്ല അവസരങ്ങളെ മാറ്റിവയ്ക്കാതെ അപ്പപ്പോൾ ചെയ്ത് തീർക്കുകയാണെങ്കിൽ ഭാവിയിൽ അത് അവരുടെ ഉന്നമനത്തിന് വളരെ പ്രയോജനം ചെയ്യും എന്നുള്ള കാര്യം മറന്നു പോകരുത്.

സുപ്രസിദ്ധ ക്രൈസ്തവ മിഷണറിയായിരുന്ന ഡോക്ടർ ഡേവിഡ് ലിവിംഗ്സ്റ്റണിന്റെ Funeral Service, ഇംഗ്ലണ്ടിലെ വെസ്റ്റ് മിനിസ്റ്റർ ചർച്ചിൽ നടക്കുകയായിരുന്നു. പതിനായിരക്കണക്കിന് ജന ങ്ങൾ പങ്കെടുത്ത ഈ സംസ്കാര ചടങ്ങിൽ ആൾക്കൂട്ടത്തിന്റെ ഇട യിൽ നിന്നും ഒരു മനുഷ്യന്റെ കരച്ചിൽ കേട്ട് ആളുകൾ കാര്യം എന്താ ണെന്ന് തിരക്കി. അപ്പോൾ ഈ മനുഷ്യൻ പറഞ്ഞത് ഇപ്രകാരമായി രുന്നു. ഞാനും ഡോക്ടർ ഡേവിഡ് ലിവിംഗ്സ്റ്റണും സഹപാഠികളാ യിരുന്നു. ഞങ്ങൾ വിദ്യാർത്ഥികളായിരിക്കുമ്പോൾ ഡേവിഡ് ലിവിം ഗ്സ്റ്റണു ലഭിച്ച സന്ദർഭങ്ങളെല്ലാം അദ്ദേഹം തക്കത്തിൽ വിനിയോഗി ക്കുകയും അതിന്റെ ഫലമായി അദ്ദേഹം മറ്റുള്ളവർക്ക് പ്രയോജനമുള്ള ഒരു വലിയ മിഷണറിയായി തീരുകയും ചെയ്തു. അതുകൊണ്ട് അദ്ദേ ഹത്തിന് അന്ത്യയാത്ര നൽകുവാൻ ഇത്രയും വലിയ ഒരു ജനസമൂഹ മാണ് ഇവിടെ വന്നു ചേർന്നിരിക്കുന്നത്. എന്നാൽ എനിക്ക് ലഭിച്ച നല്ല സന്ദർഭങ്ങൾ എല്ലാം ഞാൻ പാഴാക്കിയത് കൊണ്ട് ജീവിതത്തിൽ എനിക്ക് ഉയർച്ച ലഭിച്ചില്ല. ഞാൻ മരിക്കുകയാണെങ്കിൽ എന്റെ ശരീരം മറവ് ചെയ്യാൻ പോലും ആരെങ്കിലും മുന്നോട്ട് വരുമോ എന്നുള്ള കാര്യം സംശയമാണ് എന്ന് പറഞ്ഞ് ആ മനുഷ്യൻ വിതുമ്പി കരഞ്ഞു. പ്രിയ ജനങ്ങളെ നമ്മുടെ ജീവിതത്തിൽ നമുക്ക് ലഭിക്കുന്ന നല്ല അവസര ങ്ങളെ പാഴാക്കാതെ തക്കത്തിൽ വിനിയോഗിച്ചാൽ സമൂഹത്തിൽ ഉന്നത സ്ഥാനങ്ങളിൽ എത്തുമെന്ന് മാത്രമല്ല, ജീവിതം അർത്ഥ സമ്പൂർണ്ണ മുള്ള ഒന്നായി മാറുകയും ചെയ്യും എന്നുള്ള സത്യം നാം മറന്നുപോക രുത്. അല്ലാത്ത പക്ഷം സ്വന്ത ജീവിതത്തെ ഓർത്ത് ദുഃഖിച്ച് വിലപിച്ച ആ മനുഷ്യനെ പോലെ നാമും ആയിത്തീരും. സന്ദർഭങ്ങളാകുന്ന വാതിൽ ദൈവം ഇതാ നമ്മുടെ മുന്നിൽ തുറന്നുവച്ചിരിക്കുന്നു. അത് നാം കാണുന്നുവോ?

**2. പ്രാർത്ഥനയുടെ വാതിൽ (Door of Prayer)**

പ്രാർത്ഥനയുടെ വാതിൽ നമ്മുടെ മുമ്പിൽ തുറന്നുവയ്ക്കു മ്പോൾ നാം അത് കാണേണ്ടതാണ്. നമ്മുടെ ജീവിതത്തിൽ പ്രശ്ന ങ്ങൾ വരുമ്പോൾ, രോഗങ്ങളും, പരീക്ഷകളും ആഞ്ഞടിക്കുമ്പോൾ മുട്ടി മേൽ നിന്ന് പ്രാർത്ഥിക്കണം. പ്രാർത്ഥന ദൈവവും, മനുഷ്യനും തമ്മിൽ സംഭാഷണത്തിൽ ഏർപ്പെടുന്ന ഒരു കാര്യമാണ്. നമ്മുടെ ദൈനംദിന ആത്മീയ വളർച്ചയ്ക്ക് പ്രാർത്ഥന അത്യന്താപേക്ഷിതമാണ്. ദൈവ ത്തിൽ നിന്നും ശക്തിലഭിക്കുന്നത് പ്രാർത്ഥനയിൽ കൂടെ മാത്രമാണ്. ഒരു ഭക്തൻ ഒരിയ്ക്കൽ ഇപ്രകാരം പറഞ്ഞു. “More Prayer, More Power;

Less Prayer, Less Power; No Prayer, No Power" "കൂടുതൽ പ്രാർത്ഥന, കൂടുതൽ ശക്തി; കുറച്ചു പ്രാർത്ഥന, കുറച്ചു ശക്തി; ഒട്ടും പ്രാർത്ഥയില്ലയ്മ, ഒട്ടും ശക്തിയില്ലായ്മ" പൈതങ്ങൾ പഠനം ആരംഭിക്കുന്നതിനു മുമ്പ് രാവിലെയും വൈകുന്നേരവും പ്രാർത്ഥിച്ചുകൊണ്ട് ആരംഭിക്കണം. മാതാപിതാക്കൾ അതിനുള്ള അവസരം കുഞ്ഞുങ്ങൾക്ക് ഒരുക്കിക്കൊടുക്കണം. വേദവചനം അല്പം വായിച്ച്, ധ്യാനിച്ച്, പ്രാർത്ഥിച്ച ശേഷം പഠനം ആരംഭിക്കുന്ന ശീലം ഉണ്ടാകണം. അപ്പോൾ അവരുടെ ബുദ്ധി വികസിക്കുകയും പെട്ടെന്ന് എല്ലാം ഹൃദിസ്ഥമാക്കുവാനും സാധിക്കും.

നാം എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത് എന്നുള്ളത് യേശുക്രിസ്തു നമ്മെ വചനത്തിൽകൂടെ പഠിപ്പിച്ചു. മത്താ. 6:5–6–ൽ യേശു ഇപ്രകാരം പറഞ്ഞു. "കപട ഭക്തിക്കാരെപ്പോലെ നിങ്ങൾ പ്രാർത്ഥിക്കരുത്. നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിൽ അടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും".

പ്രിയ വിശ്വാസികളേ, ഏതു പ്രശ്നങ്ങൾക്കും ദൈവവുമായി രഹസ്യത്തിൽ പ്രാർത്ഥിക്കുമ്പോൾ തീർച്ചയായും ഉത്തരം ലഭിക്കും. നാം ചോദിക്കുന്നതിനുമുമ്പുതന്നെ നമ്മുടെ ആവശ്യം സ്വർഗ്ഗത്തിലെ പിതാവ് അറിയുന്നു എന്നാണ് വചനം പറയുന്നത്. രഹസ്യത്തിൽ നാം പ്രാർത്ഥിക്കുമ്പോൾ ദൈവ ശബ്ദം കേൾക്കുവാൻ നാം തയ്യാറാകണം. മോശ ദൈവത്തോടു സംസാരിച്ചു. അവൻ ദൈവശബ്ദം കേട്ടു. ശമുവേൽ ബാലൻ ദൈവത്തോടു സംസാരിച്ചു. തന്റെ ഉറക്കത്തിലാണ് ശമുവേൽ ബാലനോട് ദൈവം സംസാരിച്ചത്. അനേകം ദൈവഭക്തന്മാർ പ്രാർത്ഥന മുഖാന്തരം ദൈവത്തോട് സംസാരിച്ചതുകൊണ്ട് അവർക്ക് വൻ കാര്യങ്ങൾ ചെയ്യുവാൻ സാധിച്ചു. Sadhu Sunder Singh, Francis of Assissi Kagava, Mother Teressa എന്നിവരെല്ലാം ഇതിന് ഉദാഹരണമാണ്. അതുകൊണ്ട് നാം ശ്രദ്ധയില്ലാതെ വെറുതെ ഉച്ചത്തിൽ പ്രാർത്ഥിക്കുന്നതിൽ അർത്ഥമില്ല. രഹസ്യത്തിൽ പ്രാർത്ഥിക്കുമ്പോൾ, നാം ദൈവശബ്ദം കേൾക്കുകയും അതിന്റെ ഉത്തരം ഉടൻ തന്നെ നമുക്ക് ലഭിക്കുകയും ചെയ്യും. നമ്മുടെ പ്രാർത്ഥന എപ്പോഴും ഹ്രസ്വമായിരിക്കണം. അങ്ങനെയുള്ള പ്രാർത്ഥനകൾക്ക് ഉടൻ മറുപടി ലഭിക്കുകയും ചെയ്യും.

മെക്സിക്കോ പട്ടണത്തിൽ ജിം എന്നൊരു ബാലൻ ഉണ്ടായിരുന്നു. പ്രാർത്ഥനാ ശീലമുള്ള ഒരു ബാലനായിരുന്നു ജിം. അവൻ സ്കൂളിൽ പോകുന്ന വഴിക്ക് ഒരു ദേവാലയം സ്ഥിതി ചെയ്തിരുന്നു.

ഓരോ ദിവസവും ഈ ബാലൻ സ്കൂളിൽ പോകുന്ന സമയം ഈ ദേവാലയത്തിൽ കയറി അൾത്താരയ്ക്കുമുമ്പിൽ ഒറ്റയ്ക്കു നിന്നുകൊണ്ട് ഒറ്റ വാചകത്തിൽ ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു. Lord Jesus, here is Jim. കർത്താവായ യേശുവേ ഇതാ ജിം നിന്റെ മുമ്പിൽ. ഒരിയ്ക്കൽ ജിമ്മിന് രോഗം പിടിപ്പെട്ട് ആശുപത്രിയിൽ ആകേണ്ട ഒരു സ്ഥിതിവന്നു. ആശുപത്രിക്കിടക്കയിൽ ഒരു രാത്രി യേശു അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് ഇങ്ങനെ പറഞ്ഞു. 'Jim, I am here' 'ജീം, ഇതാ ഞാൻ നിന്റെ മുമ്പിൽ' ഈ ശബ്ദം കേട്ട മാത്രയിൽ ജിമ്മിന് പൂർണ്ണ സൗഖ്യം ലഭിക്കുകയുണ്ടായി. പിൽക്കാലത്ത് ജിം ഒരു വലിയ മിഷണറിയായിത്തീർന്നു. നോക്കുക, ഹ്രസ്വമായ പ്രാർത്ഥനയ്ക്കുള്ള ഫലം എത്രമാത്രം പ്രയോജനം ചെയ്തു എന്നത് ഈ കഥയിൽ നിന്നും നാം മനസ്സിലാക്കുന്നു.

പ്രിയജനങ്ങളെ, പ്രാർത്ഥനയാകുന്ന വാതിൽ നിങ്ങളുടെ മുമ്പിൽ ഇതാ ദൈവം തുറന്നുവെച്ചിരിക്കുന്നു. അതു കാണുകയും നിങ്ങളുടെ എല്ലാ ആവശ്യങ്ങളും പ്രാർത്ഥനയിൽകൂടെ രഹസ്യമായി ദൈവത്തെ അറിയിക്കാൻ ശ്രമിക്കുകയും ചെയ്യുക. എങ്കിൽ തീർച്ചയായും നമ്മുടെ ക്രിസ്തീയ ജീവിതം വിജയപ്രദമായ ഒന്നായിമാറും.

**3. ക്രിസ്തീയ സേവനത്തിനായുള്ള വാതിൽ (Door of Christian Service)**

പല വിധത്തിലുള്ള താലന്തുകൾ ദൈവം നമുക്ക് നല്കിയിട്ടുണ്ട്. പാടുവാനും, പ്രസംഗിക്കുവാനും, പ്രാർത്ഥിക്കുവാനും, മറ്റുള്ളവരെ സ്നേഹിക്കുവാനും, സഹായിക്കുവാനുമുള്ള താലന്ത് ദൈവം നല്കിയിട്ടുണ്ട്. ഈ താലന്തുകളെല്ലാം ദൈവനാമ മഹത്വത്തിന് വേണ്ടി സേവനങ്ങളാക്കിമാറ്റണം. നമ്മുടെ പെരുമാറ്റമാണ് പ്രധാനം. വിനയം, സ്നേഹം ഇവയൊക്കെ നമ്മുടെ ജീവിതത്തിൽ പ്രതിഫലിക്കണം. ലഭിക്കുന്ന സമയം മറ്റുള്ളവർക്ക് നന്മയായ കാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കണം. ലൂക്കോസ് 22:26-27 എന്നീ വാക്യത്തിൽ യേശു പറഞ്ഞു: "നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആകട്ടെ". യേശു പിന്നെയും പറഞ്ഞു. "ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെപ്പോലെയാകുന്നു". നമ്മുടെ സൗമ്യമായ പെരുമാറ്റവും, സ്നേഹമനോഭാവവും കണ്ട് മറ്റുള്ളവർ നമ്മെ യഥാർത്ഥ ക്രൈസ്തവർ എന്ന് പറയുവാൻ ഇടയാകണം.

നമ്മുടെ ചുറ്റുപാടും ഒന്ന് നോക്കുക. ധാരാളം കുടുംബങ്ങൾ നമ്മെക്കാളും ദാരിദ്രത്തിലും, പട്ടിണിയിലും കഴിയുന്നവരാണ്. അങ്ങ

നെയുള്ളവരുടെ നന്മയ്ക്കുവേണ്ടി നമ്മുടെ കഴിവുകൾ വിനിയോഗിക്കണം. നിങ്ങളിൽ ചിലർ ചിലപ്പോൾ ചോദിച്ചേക്കാം, ഇതിനൊക്കെ ഞങ്ങൾക്ക് എവിടെ നിന്നാണ് സമയം കിട്ടുക? പ്രിയ ദൈവമക്കളേ, ഇതിനുവേണ്ടി പ്രത്യേക സമയം മാറ്റിവയ്ക്കേണ്ട ആവശ്യമില്ല. നമ്മുടെ മാതൃകാജീവിതം മതി സേവനത്തിന്റെ മേഖലയാക്കി മാറ്റുവാൻ. നന്മ ചെയ്യുന്നതിനുവേണ്ടി നമുക്ക് ലഭിക്കുന്ന സമയം ഒരിക്കലും പാഴാക്കരുത്. നമ്മുടെ ഒരു ചെറിയ പുഞ്ചിരി മാത്രം മതി, വേദനയിലിരിക്കുന്നവർക്ക് ആശ്വാസം ലഭിക്കുവാൻ.

അതുകൊണ്ട് പ്രിയമുള്ളവരേ, നമുക്ക് ലഭിക്കുന്ന സമയം അശരണരുടെയും പാവപ്പെട്ടവരുടെയും നന്മയ്ക്കും ആശ്വാസത്തിനും വേണ്ടി വിനിയോഗിക്കുക. നിങ്ങൾ അപ്രകാരം ചെയ്യുന്നതു മുഖാന്തരം യേശു നാഥനുവേണ്ടിയാണ് ഇതൊക്കെ ചെയ്യുന്നതെന്നുള്ള സത്യം ഓർക്കേണ്ടതാണ്. ഈ വിധത്തിൽ നമ്മുടെ സമയം വിനിയോഗിക്കുമ്പോൾ മത്തായി 25:40-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന ദൈവവചനത്തിന് നിങ്ങൾ അർഹരായിത്തീരും.

"എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്ക് ചെയ്തു എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു".

ദൈവം സേവനത്തിനായുള്ള വാതിൽ ഇതാ തുറന്നുവെച്ചിരിക്കുകയാണ്. അതിനെ കാണുകയും ക്രിസ്തീയ സേവനത്തിനായി പ്രതിജ്ഞ എടുക്കുകയും ചെയ്യാമോ?

ദൈവം തുറന്നുവെച്ചിരിക്കുന്ന 3 വാതിലുകളെക്കുറിച്ച് നാം ചിന്തിച്ചു. ഈ മർമ്മ പ്രധാനമായ വാതിലുകളെ കണ്ട് ദൈവനാമമഹത്വത്തിനുവേണ്ടി ഉണർന്നുപ്രവർത്തിക്കുവാൻ നാം ശ്രമിക്കുക. ദൈവം തുറന്നുവെച്ചിരിക്കുന്ന ഈ വാതിലുകൾ അടയുന്നതിനു മുമ്പായി ചെയ്യേണ്ട കാര്യങ്ങൾ നാം ചെയ്യുക. ദൈവം വാതിൽ അടച്ചു കഴിഞ്ഞാൽ അവസരങ്ങൾ എല്ലാം എന്നെന്നേയ്ക്കുമായി നഷ്ടപ്പെടും. ഈ ലോകം ക്ഷണികമാണ്. ലഭിക്കുന്ന അവസരങ്ങൾ നാം പാഴാക്കരുത്. അതുകൊണ്ട് സന്ദർഭങ്ങളെ നഷ്ടപ്പെടുത്താതെ പ്രാർത്ഥനാജീവിതം കൈമുതലാക്കി മറ്റുള്ളവർക്ക് നന്മയായ കാര്യങ്ങൾ ചെയ്ത് ജീവിക്കുവാൻ പ്രതിജ്ഞയെടുക്കാം. ❖

# വാർദ്ധക്യം – അനുഗ്രഹമോ പീഡനമോ?



ഇ. എച്ച്. ജോൺസ്

കൗമാര യൗവന കാലങ്ങളെ അനുഗ്രഹമായും വാർദ്ധക്യത്തെ പീഡനപൂർവ്വമായും പലരും കരുതാറുണ്ട്. എന്നാൽ മാനസികമായും ശാരീരികമായും വാർദ്ധക്യത്തെ നേരിടുന്നതിനു ഒരുങ്ങിയാൽ വാർദ്ധക്യത്തിലും ജീവിതം അനുഗ്രഹപ്രദമായിരിക്കും.

കിഴവൻ, വൃദ്ധൻ, വയസൻ, അപ്പൂപ്പൻ, മൂപ്പിൽസ്, ഓൾഡ്മാൻ എന്നൊക്കെ നാം പരിഹാസത്തോടെ വിളിക്കുന്നു. ഈ വിഭാഗത്തിനെ ഇംഗ്ലീഷുകാർ സീനിയർ സിറ്റീസൺസ് ആയി കരുതി ബഹുമാനിക്കുന്നു. നാം അപ്പൂപ്പനെ കുടുംബഭാരമായികാണുമ്പോൾ അവർ പ്രായം ചെന്നവരെ പരിണിത പ്രജ്ഞരായ പൗരന്മാർ എന്ന ഉന്നത പീഠത്തിലിരുത്തി സമൂഹത്തിലെ അവരുടെ ഉന്നത സ്ഥാനം വെളിവാക്കുന്നു.

വൃദ്ധരിൽ 27% പേർക്കും മക്കളിൽ നിന്നും പീഡനം ഏൽക്കുന്നുണ്ട്. 39% പേരെ കുടുംബാംഗങ്ങൾ മൂർച്ചയുള്ള പദപ്രയോഗങ്ങൾകൊണ്ടാണ് മുറിവേൽപ്പിക്കുന്നത്. മറ്റൊരുതരം പീഡനമാണ് ഒറ്റപ്പെടുത്തൽ. വയോധികരായ മാതാപിതാക്കളെ സ്വന്തം കുടുംബത്തിൽ ചെറുമക്കളിൽ നിന്നും അകറ്റുക, അവർക്കു കുടുംബ കാര്യങ്ങളിൽ പങ്കാളിത്തം നിഷേധിക്കുക തുടങ്ങിയ പരിപാടികൾ സ്വന്തം മക്കളും മരുമക്കളും കാലാകാലങ്ങളായി ചെയ്തു വരാറുണ്ട്.

വൃദ്ധജനങ്ങളെ കൊല്ലുക എന്നത് ഇൻഡ്യയിൽ പല ഗ്രാമങ്ങളിലും ആചാരമായി നടക്കുന്നുണ്ട്. സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം വൃദ്ധരെ തീറ്റിപോറ്റാൻ കഴിയാത്തതാണ് ഇതിനു കാരണം. മക്കളും മരുമക്കളും ബന്ധുക്കളും ചേർന്നാണ് ഈ ആചാരം അനുഷ്ടിക്കുന്നത്. തമിഴ്നാട്ടിലെ ചില ഗ്രാമങ്ങളിൽ "തലൈകുതൽ" എന്ന പേരിൽ വൃദ്ധജനങ്ങളെ വകവരുത്തൽ എന്നആചാരം നടത്തുന്നതായി പത്രങ്ങളിൽകൂടെ അറിയാൻ ഇടയായി.

ജനങ്ങൾ സാധാരണയായി വയസ്സന്മാരായി കണക്കാക്കുന്നത് അറുപത്, അറുപത്തഞ്ച് വയസ്സാകുന്നവരെയാണ്. ജനസംഖ്യയിൽ 10%-ഉം 60 വയസ്സിനു മുകളിലുള്ളവരാണ്. വയോധികരിൽ കൂടുതലും സ്ത്രീകളാണ്. കേരളത്തിൽ മൊത്തം ജനസംഖ്യയിൽ 20%-ഉം 60 വയ

സിനു മുകളിലുള്ളവരാണ്. കേരളത്തിൽ ഇപ്പോൾ സ്ത്രീകളുടെ ശരാശരി ആയൂർദൈർഘ്യം 75 വയസ്സും പുരുഷന്മാരുടേത് 72-ഉം ആണ്.

1950 വരെ പെൻഷൻകാർക്കു വളരെ തുച്ഛമായ തുക മാത്രമാണ് പെൻഷനായി അനുവദിച്ചിരുന്നത്. എന്നാൽ ഇന്ന് പെൻഷൻകാർക്ക് മെച്ചപ്പെട്ട പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. മനസ്സിനെ സ്വന്തം വരുതിയിലാക്കി ജീവിക്കുന്നവർക്ക് ഒന്നും ഭയപ്പെടാനില്ല.

വാർദ്ധക്യത്തിൽ എത്തുന്നതോടെ നമ്മുടെ ജീവിതചര്യകളിൽ മാറ്റം ഉണ്ടാകണം. ആഹാരസംബന്ധവും ആരോഗ്യ സംബന്ധവുമായ നിഷ്ട പാലിക്കണം. ബൈബിളിൽ പറയുന്നു, "ശരീരത്തിന്റെ ആരോഗ്യത്തെക്കാൾ മെച്ചപ്പെട്ട സമ്പത്തോ ഹൃദയാനന്ദത്തിലും ഉപരി ആയ സന്തോഷമോ ഇല്ല", ആരോഗ്യമാണ് മനുഷ്യന്റെ വലിയ സമ്പത്ത്.

വാർദ്ധക്യത്തിന്റെ അനുഗ്രഹമാണ് പക്വമായ മനസ്സും അനുഭവ പരിചയവും. എങ്കിലും വാർദ്ധക്യത്തെ ഭയപ്പെടുന്നവരാണ് അധികവും. വയസ്സായി എന്ന തോന്നൽ ഇല്ലാതിരുന്നാൽ വാർദ്ധക്യം ഒരു പ്രശ്നമാവില്ല. വാർദ്ധക്യം ഒരു അനുഗ്രഹമായാൽ ജീവിതം സന്തോഷപ്രദമായിരിക്കും. മനസ്സിനുന്മേഷവും ആഹ്ലാദവും ഉളവാക്കുന്ന സവിശേഷ പ്രവർത്തികളിൽ ഏർപ്പെട്ടാൽ യൗവനകാലത്തെപ്പോലെ വാർദ്ധക്യകാലത്തും ഉന്മേഷത്തോടെ ജീവിതം നയിക്കാൻ കഴിയും. കഴിഞ്ഞതും വരാനിരിക്കുന്നതുമായ കാര്യങ്ങളെ ഓർത്ത് വിലപിക്കരുത്. മാനസികമായും ശാരീരികമായും വാർദ്ധക്യത്തെ നേരിടുന്നതിന് ഒരുങ്ങിയാൽ വാർദ്ധക്യത്തിലും ജീവിതം അനുഗ്രഹപ്രദമായിരിക്കും. ❖

---

## GOSPELBAND ANNUAL CONVENTION

Date : October 12, 13, 14 (6.00 PM to 9.00 PM)

Main Speaker : **Rev. M. C. Samuel**
(Marthoma Church, Pathanamthitta)

*Pray, Come and be Blessed*

Rev. D. Jacob, Rev. Vijayadas
Rev. N. L. Praveen Raj, Rev. Rohan P.

Secretary
N. Benson

# RESPONSIBILITIES OF A CHRISTIAN

**Arul John Ebenezer**

Christians are entrusted with lots of responsibilities. God created us in His image. We are the links that connect Him and His other creations.

**Our Responsibilities on this Earth**

We have responsibilities not only towards God, but to our families, society and work as well.

**Family:** Family is the basic unit of a society. God has assigned specific roles to each member of a family to fulfill his objectives. How can this be accomplished?

Fellowship plays a primary role in families. God expects us to have abundant love towards the members of our family. Parents are the captains that steer families. They should respect and help each other in everything that they do. They should encourage and submit themselves to each other.

Christian families should take extreme care in nourishing their children with faith. Everyone, every life has its limitations. Parents should constantly guide their children and keep them away from the evils that loom above them. Help them choose good habits and lifestyles. It is imperative that they set good examples so that they can watch, practise and learn. Remember that arguments and advices effect less. It is what you do that stays in their mind. Live examples around them boost their confidence, and help them learn to be independent.

**Jesus said in St. Matthew 18:6 :** "If anyone causes one of these little ones~those who believe in me~to stumble, it would be better for them to have a large millstone hung around their neck and to be drowned in the depths of the sea.

More children have started to take their lives now. News on teen suicides has become scarily common. Emotionally unavailable family, stress, peer pressure, depression, drugs, and not the least,

addiction to games such as blue whale, are the common, albeit most avoidable, reasons. We are letting satan win over God. Education or an esteemed school may not provide the best nurture for our children. It takes a lifetime to distinguish good from bad. For them, choosing wide paths of wordly comforts seem easy and practical. It is your duty, as responsible Christian parents, to detour them in to the less treaded narrow paths that our Bible advises. I repeat, set yourself as an example first.

**Society:** Man is a social animal. He belongs out there, in a group, in the world. Every human being that he/she encounters ends up an experience. Some blessings. Some lessons. They observe and learn from everything they see around them. It is important for everyone to join in and embrace our faith, and show forth in daily lives.

**Work Place:** A career is a gift from God. Hard work, honesty and sincerity are highly required in any profession. As a good Christian, one should properly utilize his/her talents, and meet the demands of the workplace, keeping in mind the will of God.

**Environment:** God created our beautiful Earth in seven days. He had created it for us. And we have shown our gratitude by destroying it. We continue to misuse our environment for selfish gains. As good Christians, we should start to set proper examples to everyone in taking care of our nature also. It is beneficial to us, our environment, to everyone who is a part of it, and to our future generations as well. Abort any plan that thwarts the will of God.

**Assurance:** Jesus Christ died on the cross for us. Nothing more is required to teach us about assurance. His death has no significance if we do not carry on his ideals. Christians should be trustworthy and honest at all times. Commit solely to the things that you can, and will do. Develop good moral values.

Most of us remain Christians only on a piece of paper. To be Christians in our lives, we need to act.

Being a Christian is a privilege denied to many. May God help us understand the reality. May you realize that His promises and teachings are sure and true. ❖

**NMSI ALL INDIA AREA LEADERS CONFERENCE**

with Rev. Dr. Retnakara Sadananda, CSI Synod, Rt. Rev. Timothy Ravender, Coimbatore, Rt. Rev. Dr. George Stephen, Bishop of Madras, Rev. Christopher Vijayan, General Secretary and Mr. D. Prabakar, Treasurer. Our Trivandrum Area delegates attended



**Women's Fellowship - Oldage Home visit**



**Celebrate - An Evening of Praise by Melody Singers**



YFF An evening of Gospel Music at Vyloppilli Samskrithi Bhavan on 12.09.2017



# YFF NEWS



Family Fest 2017





Work place visit:
Agriclulture College, Vellayani





Teens for Christ
- Live to Inspire

## മോളി അമ്മച്ചി - ഒരു അനുസ്മരണം

ഓബെൺ പകൽവീട് തുടങ്ങിയ ദിവസം ആദ്യമായി പേര് രജിസ്റ്റർ ചെയ്ത രണ്ടു പേർ പി.എസ്.സി. ഓഫീസിൽ നിന്നും വിരമിച്ച മാത്യു സാറും യൂണിവേഴ്സിറ്റി ലൈബ്രറിയിൽ നിന്നും വിരമിച്ച ഭാര്യ മോളി മാത്യു അമ്മച്ചിയും. അന്നുമുതൽ 2017 മെയ് 22 വരെ അമ്മച്ചിയുടെ സാന്നിദ്ധ്യവും നിർദ്ദേശങ്ങളും ഉപദേശങ്ങളും വാസ്തവത്തിൽ പകൽ വീട്ടിന്റെ വളർച്ചയ്ക്ക് നല്ലൊരു പങ്കുവഹിച്ചിട്ടുണ്ട്. ആദ്യമേ തന്നെ ഒരു തീം സോങ് എഴുതി സംഗീതം നൽകി അംഗങ്ങളെ പഠിപ്പിച്ചു. കാലാകാലങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റിയും എങ്ങനെ അംഗങ്ങളെ ആത്മീകമായും ഭൗതികമായും ആകർഷിക്കണമെന്നതിനെപ്പറ്റിയും വ്യക്തമായി നിർദ്ദേശങ്ങൾ തന്നിരുന്നു. നല്ല നീറ്റ് ആയി വേഷം ധരിച്ച് കൃത്യസമയത്ത് എത്തുന്ന മോളി അമ്മച്ചിയെ പകൽ വീട്ടിലുള്ള ആർക്കും പെട്ടെന്ന് മറക്കുവാൻ കഴിയുകയില്ല. അമ്മച്ചിയുടെ ഓർമ്മ നില നിറുത്താനായി ആഗസ്റ്റ് മാസം 22-ാം തീയതി നമ്മുടെ റവ. റോഹൻ അച്ചന്റെയും അവരുടെ ബന്ധുക്കളുടെയും സാന്നിദ്ധ്യത്തിൽ ഒരു അനുസ്മരണയോഗം സംഘടിപ്പിച്ചു. അന്ന് സുമിത്ര റോസ് ചന്ദ്രൻ ടീച്ചർ വളരെ വളരെ നല്ല രീതിയിൽ അവരുടെ സ്വഭാവവൈശിഷ്ട്യങ്ങളെ വിവരിച്ചു. തീം സോങ് ഫ്രെയിം ചെയ്ത് ഡെഡിക്കേറ്റ് ചെയ്തു. അമ്മച്ചിയുടെ ആരേയും കുറ്റം പറയാത്ത, ആരെയും മോശമായി ചിത്രീകരിക്കാത്ത, എല്ലാവരേയും പ്രോത്സാഹിപ്പിക്കുന്ന ആ ജീവിതം ഞങ്ങൾക്കെല്ലാവർക്കും ഒരു മാതൃകയാണ്.





**സുശീലാ സുഗുണൻ**

# First Death Anniversary

(07-10-2017)

**In ever loving memory of**



# A. Davidson

(Rtd. Deputy Director, ESI Corporation)

***We miss your presence every day***

Inserted by
Wife : Juliet Davidson, Children, Grand Children
and Great Grand Children

# WALKING WITH GOD



**Daniel Wellington**

Jesus walked and talked with the Father. As good Christians, Jesus expects the same from His people. He guides our ways – our discussions, our walks and talks. He loves us and directs our steps, but we may not be always aware of it. Anything our Father demands of us is for our own good.

Throughout the Bible, and all of history, it can be seen that those who walked with God became men and women of deep faith. When the Church walks with God, commutes with Him every day, it creates faithful people in service of God. The Holy Bible is more than a book of answer for life's problems. The message is that God loves you and has a plan to save us from sin. God speaks to us through his Word. If we obey God, we can be sure to inherit the Christian kingdom of God and thus have an eternal life in heaven.

The letter to the Hebrews deals with how Christianity encouraged the believers to move beyond the questions about the basics of faith, and to follow the examples of the many faithful men and women of the past who followed God amidst persecution.

We should study the Word of God daily to unravel the truth in the Bible. The Bible shows us that God has come down to man's stature; He extends His love for men by forgiving and accepting them at the cost of the death of His own son. God is the source of real love. When we trust in Christ, God gives us the ability to love others His way. The Bible says, "Wisdom lights up a person's face, softening its hardness" (Ecclesiastes: 8:1).

Like the stars, God's people stand out in a dark world. Their words, actions and lives drastically contrast with those living in a dark and sinful world. If you follow Jesus, be ready, and willing, to step outside of the regular world. Let your life stand out like stars in the heavens. "Those who are wise will shine as bright as the sky, and those who lead many to righteousness, shine like stars forever" (Daniel 12:3).

